**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4079** **15-07-2022 - ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന ബിവറേജസ് (എം&എം) കോർപ്പറേഷനിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് എന്നാണെന്നും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടത്തി ദീർഘകാലമായിട്ടും ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടത്തി ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ 07/04/2017 തീയതിയിലെ G.O(Ms)No.20/2017/TD ഉത്തരവ് പ്രകാരമുള്ള പത്താം ശമ്പളപരിഷ്കരണമാണ് നിലവിലുള്ളത്.<br><br>11-ാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കിയ ശമ്പളപരിഷ്കരണം, സമാന രീതിയിൽ അതേ തീയതി പ്രാബല്യത്തിൽ കോർപ്പറേഷനിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കോർപ്പറേഷൻ അധികൃതർ സമർപ്പിച്ച അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ശമ്പളപരിഷ്കരണം സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിലെ എക്സ്പേർട്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (സി) | യഥാസമയം ശമ്പള പരിഷ്കരണം നടത്താത്തത് മൂലം ജിവനക്കാർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനായി കോർപ്പറേഷനിൽ എത്രയും വേഗം ശമ്പളപരിഷ്കരണം നടത്തി ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | എക്സ്പേർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ